# ‘അനുസരണം’

## യോഹന്നാൻ 2:3

‘‘വീഞ്ഞു പോരാതെവരികയാൽ യേശുവിന്റെ അമ്മ അവനോടു: അവർക്കു വീഞ്ഞു ഇല്ല എന്നു പറഞ്ഞു.’’

യോഹന്നാൻ, ഇതിനെ യേശുവിന്റെ അടയാളങ്ങളുടെ ആരംഭം എന്നാണു വിളിച്ചത്. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം: കർത്താവു പരസ്യ ശുശ്രൂയ്ക്കായി ആദ്യം തിരഞ്ഞെടുത്തത് ഒരു വിവാഹ ശുശ്രൂഷയാണ്. എത്രമാത്രം വില വിവാഹശുശ്രൂഷയ്ക്ക് യേശു കൊടുക്കുന്നു. ദൈവം അംഗീകരിക്കുന്ന ഈ ‘‘Institution" ഇന്നത്തെ ലോകം എത്രമാത്രം തകർത്തിരിക്കുന്നു.

ഇവിടെ യേശുവിന്റെ അമ്മ പറയുന്നു, അവർക്കു വീഞ്ഞില്ല. അമ്മ അവരുടെ ഇല്ലായ്മ, പോരായ്മ യേശുവിനെ അറിയിക്കുകയാണു ചെയ്തത്. യേശു പറയുന്നു: സ്ത്രീയേ, എനിക്കും നിനക്കും തമ്മിൽ എന്ത്? ഇത് അതിന്റെ original ഭാഷയിൽ വളരെ ബഹുമാനത്തോടെ ഉപയോഗിച്ചിരിക്കുന്ന വാക്കാണിത്. യേശുവിന്റെ അടയാളങ്ങൾ എവിടെ ആരംഭിക്കണം, പരസ്യ ശുശ്രൂഷ എപ്പോൾ തുടങ്ങണം ഇതെല്ലാം ദൈവത്തിന്റെ ഹിതപ്രകാരം നടക്കേണ്ട വിഷയം ആയിരുന്നതിനാൽ ഭൂമിയിലുള്ള ആർക്കുംതന്നെ അതിൽ കൈകടത്തുവാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് യേശു ചോദിച്ചത്: എനിക്കും നിനക്കും തമ്മിൽ എന്ത്? അങ്ങനെ പറഞ്ഞു എങ്കിലും എന്തെങ്കിലും ചെയ്യാതിരിക്കില്ല എന്ന് അമ്മയ്ക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് അമ്മ ശുശ്രൂഷക്കാരോട് പറയുന്നത്, അവൻ നിങ്ങളോട് എന്തെങ്കിലും കല്പിച്ചാൽ അതു ചെയ്വിൻ എന്ന്. നമ്മുടെ കുറവുകളെ, പോരായ്മകളെ കണ്ടു കടന്നു പോകുന്നവനല്ല യേശു. Just obey what He commands you. യേശു ശുശ്രൂഷക്കാരോടു പറഞ്ഞു, ഈ കല്പാത്രങ്ങളിൽ വെള്ളം നിറെപ്പിൻ എന്ന്. ഈ പാത്രം കല്ലുകൊണ്ടു ഉണ്ടാക്കിയത്, കൂടാതെ പുറത്തു കാൽ കഴുകാൻ ഉപയോഗിച്ചിരുന്ന പാത്രം. യേശുവിന് ഏതു പാത്രമെന്നോ, എങ്ങനെയുള്ള പാത്രമെന്നോ പ്രശ്നമല്ല അതിനെ അനുഗ്രഹിപ്പാൻ, നിറയ്ക്കുവാൻ ശകതിയുള്ളവനാണ് നമ്മുടെ യേശു. ശുശ്രൂഷക്കാർ കേട്ട മാത്രയിൽ ഒരു സംശയവും കൂടാതെ വെള്ളം വക്കോളം നിറച്ചു. യേശു പറഞ്ഞു ഇതു കൊണ്ടുപോയി വിരുന്നുവാഴിക്കു കൊടുപ്പിൻ എന്ന്. അവർ രുചിച്ചുനോക്കിയപ്പോൾ ഈ വീഞ്ഞ് അതീവ രുചിയുള്ളതായി തോന്നി. അങ്ങനെ യേശു ഗലീലയിലെ കാനാവിൽ തന്റെ മഹത്വം വെളിപ്പെടുത്തി. അതും ശ്രദ്ധേയമാണ്, യഹൂദന്റെ പ്രധാനപ്പെട്ട സ്ഥലങ്ങൾ അല്ല ഈ ശുശ്രൂ

ഷയ്ക്ക് തിരഞ്ഞെടുത്തത്, മറിച്ച് ആരും അറിയപ്പെടാത്ത ഒരു കൊച്ചു ഗ്രാമത്തിൽ കാനാവിൽ. എളിയവരിലേക്ക്, പ്രശസ്തി ഇല്ലാത്ത ഗ്രാമങ്ങളിലേക്ക് യേശു സദ്വർത്തമാനവുമായി കടന്നുപോകുന്നു.

നാം നമ്മുടെ ഇല്ലായ്മയെ, പോരായ്മയെ ഉള്ള അവസ്ഥ മറച്ചുവയ്ക്കാതെ വിശ്വാസത്തോടെ ദൈവസന്നിധിയിൽ പറയുക, അവന്റെ കരങ്ങളിൽ കൊടുക്കുക, പ്രശ്നങ്ങളെ കണ്ടു കടന്നുപോകുന്നവനല്ല നമ്മുടെ കർത്താവ്. അവൻ എന്തു കല്പിക്കുന്നുവോ അത് അതേപടി അനുസരിക്കുക. അനുസരിപ്പാനുള്ള ഒരു മനോഭാവം നമുക്കു ഉണ്ടായിരിക്കണം. നാം അപ്രകാരം ചെയ്യുമെങ്കിൽ നമ്മുടെ ഇല്ലായ്മ, ബുദ്ധിമുട്ട്, പ്രശ്നം, രോഗം ഇതൊക്കെ അനുഗ്രഹമായി തീർത്തുതരുവാൻ യേശുവിനു കഴിയും. ഇതിലൂടെ യേശുവിന്റെ മഹത്വം നമ്മുടെ ജീവിതത്തിൽ വെളിപ്പെട്ടു വരും. നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും, നമ്മുടെ വിശ്വാസവും വർദ്ധിക്കും.

**പരാമർശം :**

**1ശമുവേൽ 15:22**

**ശമൂവേൽ പറഞ്ഞതു: യഹോവയുടെ കല്പന അനുസരിക്കുന്നതുപോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവേക്കു പ്രസാദമാകുമോ? ഇതാ, അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു.**

**സിസ്റ്റർ ജോയിസ് ജോൺ തോന്നിയാമല 008**